**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2702** **13-12-2022 - ൽ മറുപടിയ്ക്ക്**

**നാഷണൽ സേവിംഗ്സ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിന് നാഷണൽ സേവിംഗ്സ് വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | സ്കൂൾ വിദ്യാർത്ഥികളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും അവരിൽ ബാങ്കിങ് പ്രവർത്തനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും സ്റ്റുഡൻസ് സേവിംഗ്സ് സ്കീം എന്ന പേരിൽ ഒരു നിക്ഷേപ പദ്ധതി സംസ്ഥാന ട്രഷറി വകുപ്പുമായും സംസ്ഥാന വിദ്യാഭ്യാസ വകുപ്പുമായും സഹകരിച്ചുകൊണ്ട് നാഷണൽ സേവിംഗ്സ് വകുപ്പ് 2016 മുതൽ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്ക് അംഗമാകാൻ കഴിയുന്നതാണ്. പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമവും ആകർഷകവുമാക്കുന്നതിനുള്ള നടപടി 29/10/2022 ലെ സ.ഉ.(അച്ചടി) നം.132/2022/ധന നമ്പർ ഉത്തരവ് പ്രകാരം സ്വീകരിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ